TB Movie Panel Weekly Review

**#MoviePanel**

Hit 2: The Second Case.

എഴുതിയത് : Sajan Ramanandan

നല്ല സിനിമയാണ്. ഫ്രാഞ്ചൈസിലെ ആദ്യ സിനിമയുടെ ടെമ്പ്ലേറ്റ് ആവർത്തിക്കുന്നുണ്ട്. തന്നിഷ്ടക്കാരനായ, ഇൻട്രോയിൽ ഒറ്റയടിക്ക് കേസ് തെളിയിച്ചു തുടങ്ങുന്ന (ഷെർലക്ക് ഹോംസ് ശൈലിയിൽ) haughty cop, ഒരു സീരിയൽ കില്ലറിനെ അന്വേഷിക്കുന്നു, സംഭവം പേർസണൽ ആകുന്നു. ആദ്യ സിനിമയിൽ PTSD യിൽ നിന്നും റിക്കവർ ആയി വരുന്ന നായക കഥാപാത്രം കൊള്ളാമായിരുന്നു. ഇതിൽ അത്തരം vulnerability ഒന്നുമില്ലാത്ത, കുറേക്കൂടി കോമേഴ്ഷ്യൽ പോലീസ് കഥാപാത്രം ആണ് നായകൻ. അഡിവി ശേഷിന്റെ പേഴ്സോണ കൃത്യമായി ഉപയോഗിക്കുന്നുണ്ട് സംവിധായകൻ. സസ്പെൻസ്, ക്ലൂസ്, റെഡ് ഹെറിങ് എല്ലാം ഇഴ ചേർത്ത തിരക്കഥയും നന്നായിട്ടുണ്ട്. ആദ്യ സിനിമ ചെയ്ത Dr. Sailesh Kolanu തന്നെയാണ് ഇത്തവണയും തിരക്കഥയും സംവിധാനവും. കുറച്ചു ഡ്രാമ ചിലയിടത്ത് ഏറി നിൽക്കുന്നതായി അനുഭവപ്പെട്ടു. പഴയ CID സീരിയൽ കാലം തൊട്ട് കാണുന്ന ചില ക്ലീഷേകൾ ഒഴിവാക്കാമായിരുന്നു.

അഭിനേതാക്കളുടെ പ്രകടനം നന്നായിരുന്നു. മീനാക്ഷി ചൗധരി, കോമലി പ്രസാദ്, സുഹാസ്, റാവു രമേശ് തുടങ്ങിയവർ കാസ്റ്റിൽ ഉൾപ്പെടുന്നു. ആദ്യ സിനിമയിലെ കേസുകളുടെ ചില റഫറൻസ് സിനിമയിൽ വന്നു പോകുന്നുണ്ട്. വിശ്വാക് സെന്നിന്റെ (ആദ്യ ഭാഗത്തിലെ നായകൻ) ചില ഷോട്ടുകളും ആദ്യ സിനിമയിൽ നിന്നും ഉപയോഗിച്ചിട്ടുണ്ട്. നിർമ്മാതാവായ നാനി (നാനി presents എന്നാണ് കാണിക്കുന്നത്), സിനിമയുടെ അവസാനം കാമിയോ റോളിൽ എത്തുന്നുണ്ട്. ഫ്രാഞ്ചൈസിയിലെ അടുത്ത അദ്ധ്യായത്തിൽ നായകൻ പുള്ളിയുടെ കഥാപാത്രമായ അർജുൻ ആണ്.

മണികണ്ഠൻ സിനിമാട്ടോഗ്രാഫി, ഗ്യാരി എഡിറ്റിംഗ്, ജോൺ സ്റ്റീവാർഡ് സംഗീതം. കൃഷ്ണകാന്ത് ലിറിക്സ്. സിദ്ധ് ശ്രീറാം, രമ്യ ബെഹ്റ ഗായകർ. മികച്ച വിഷ്വൽസും വേഗതയുള്ള എഡിറ്റിങ്ങും സിനിമയുടെ നല്ലവശമാണ്. നൂറ്റിപ്പതിനേഴു മിനിട്ടാണ് സിനിമയുടെ ദൈർഘ്യം. ത്രില്ലർ/ കുറ്റാന്വേഷണ സിനിമകളുടെ ആസ്വാദകർക്ക് തീർച്ചയായും മുഷിയില്ല. കുടുംബപ്രേക്ഷകർക്ക് സിനിമയിലെ വയലൻസ് കടുപ്പമുള്ളതായി അനുഭവപ്പെടും.

പ്രൊഡക്ഷൻ ഡിസൈൻ മനീഷാ ദത്ത്. വാൾ പോസ്റ്റർ സിനിമയുടെ ബാനറിൽ നിർമ്മാണം പ്രശാന്തി തിപിർനേനി. പതിനഞ്ച് കോടിയായിരുന്നു സിനിമയുടെ ബഡ്ജറ്റ്. തിയേറ്റർ റിലീസിൽ നാൽപ്പത്തിയഞ്ച് കോടിയോളം ഗ്രോസ്സ് കളക്ഷനുമായി സൂപ്പർഹിറ്റ് സ്റ്റാറ്റസ് നേടിയ സിനിമ ആമസോൺ പ്രൈമിൽ ലഭ്യമാണ്.